**D 11977** (Pages : 2) Name.....................................

Reg. No..................................

# THIRD SEMESTER (CBCSS–UG) DEGREE EXAMINATION NOVEMBER 2021

Malayalam

MAL 3A 09—MALAYALA SAHITHYAM – 3

(2019–2020 Admissions)

Time : Two Hours and a Half Maximum : 80 Marks

## Section A

*Answer at least* **ten** *questions.*
*Each question carries 3 marks.*
*All questions can be attended.*
*Overall Ceiling* 30.

1. 'കലക്കവെള്ളം, തെളിവെള്ളം രണ്ടും കടൽ ഏൽക്കുന്നു. ഇരുട്ടിന്റെ തെറ്റ് പ്രഭാതം തിരുത്തുന്നു. തെറ്റും ശരിയും മനസ്സിലാണ്'—സന്ദർഭം വ്യക്തമാക്കുക.
2. 'ധനവാനോടു ചോദിച്ചു വാങ്ങുന്ന തേനിലും മധുരം ഒരു സാധു അറിഞ്ഞു കൊണ്ടു നൽകുന്ന ഒരു കുമ്പിൾ ജലത്തിനാണ്'—സന്ദർഭം, ആശയം ഇവ വ്യക്തമാക്കുക.
3. 'വേണ്ടെന്നാണ് പറഞ്ഞത്. ഈ നീതിസാരം കൊണ്ട് കൊല്ലാതിരിക്ക്, നിർത്ത്'—സന്ദർഭം ഏത് ?
4. സി.ജെ. തോമസിനെ ആദ്യമായി കണ്ട രംഗത്തെക്കുറിച്ച് ലേഖിക വിവരിക്കുന്നതെങ്ങനെ ?
5. ലൂമിയർ സഹോദരന്മാരുടെ ക്യാമറ പകർത്തിയ ആദ്യ ദൃശ്യങ്ങൾ ഏതൊക്കെയായിരുന്നു ?
6. നമ്മുടെ കാലത്തിലേക്ക് നീണ്ടു വന്നെത്തുന്ന പഴയൊരു ജീവിതകഥയുടെ പുനരാവിഷ്കാരമാണിത്. എൻ.പ്രഭാകരന്റെ ഈ പ്രസ്താവന സൂചിപ്പിക്കുന്നതെന്തിനെക്കുറിച്ചാണ് ?
7. 'സ്വന്തം കണക്കു കൂട്ടിയപ്പോൾ തെറ്റി. അന്ന് നിർത്തി. അങ്ങിനെയുള്ളവൻ മറ്റുള്ളവരുടെ ഭാവി പറയരുത്'—വിവക്ഷിതമെന്ത് ?
8. 'ഞാൻ പറയുന്നത് ശ്രദ്ധിക്കാതിരിക്കാൻ അയാൾ ശ്രമിച്ചുകൊണ്ടിരുന്നു. ഒരു കരച്ചിൽ എന്റെ തൊണ്ടയിൽ കുരുങ്ങി'— സന്ദർഭം എഴുതുക.
9. തനതു നാടകവേദി രംഗത്തെ ആദ്യകാല പരിശ്രമങ്ങളെ പരിചയപ്പെടുത്തുക.
10. 'എന്നെ ചൂഴ്ന്നു നില്ക്കുന്ന അന്ധതയുടെ കനത്ത മതിലുകൾ പിഴുതെറിയാൻ ഞാൻ തീർച്ചപ്പെടുത്തി'. ആരുടേതാണ് ഈ തീരുമാനം ? സൂചിതമെന്ത് ?
11. അവതാരങ്ങളുടെ ആവിർഭാവത്തെക്കുറിച്ചുള്ള സ്വാമിജിയുടെ അഭിപ്രായമെന്താണ് ?
12. 'എന്നെക്കുറിച്ചുള്ള ചിന്തയാൽ ആ മനം തപിക്കട്ടെ. കെടാത്തീ പോലെ അതവിടെ എരിഞ്ഞു നിലക്കട്ടെ, കേൾക്കൂ ഇത് വ്രണിതയായ സ്ത്രീയുടെ ശാപമാണ്'—സന്ദർഭം വ്യക്തമാക്കുക.
13. 'പിറന്ന മണ്ണിന്റെ വിളി, തൊണ്ടയിടറിയ വിളി'—സൂചിതമെന്ത് ?

Turn over

14. 'ഞാൻ അന്വേഷിച്ച് ഉടനെ വിവരമറിയിക്കാം. എന്നെക്കൊണ്ടാവുന്നത് ഞാൻ ചെയ്യാം. മാഷും ഞാനും തമ്മിലുള്ള ബന്ധം അങ്ങിനെയല്ലേ '—വക്താവാര് ? സൂചിതമെന്ത് ?

15. 'കല്ല് ദേവിയായിക്കഴിഞ്ഞു. അപ്പോൾ ആശാരി തീണ്ടാപ്പാടകലെ'—സൂചിതമെന്ത് ?

(10 × 3 = 30 marks)

## Section B

*Answer at least* **five** *questions.*
*Each question carries 6 marks.*
*All questions can be attended.*
*Overall Ceiling 30.*

16. പെരുന്തച്ചൻ എന്ന കഥാപാത്രത്തെ വിലയിരുത്തുക.

17. കേദാർനാഥിനെക്കുറിച്ചുള്ള ഐതിഹ്യം ചുരുക്കിയെഴുതുക.

18. 'സമൂഹ സംവിധാനത്തിന്റെ അച്ചു തണ്ടായ പുരുഷാധിപത്യത്തിന്റെ ബലിയാടുകളാണ് അബലകൾ' .ഇത്തരമൊരു തിരിച്ചറിവിലേക്ക് വി.ടി. ഭട്ടതിരിപ്പാടിനെ കൊണ്ടെത്തിച്ച സന്ദർഭം വ്യക്തമാക്കുക.

19. കാലികമ്പിളി ബാബയുടെ പേര് ധർമ്മശാലയ്ക്ക് വരാനുണ്ടായ കാരണമെന്ത് ?

20. കുറിപ്പെഴുതുക—ജീവചരിത്ര സാഹിത്യം.

21. 'അപസ്വരം നെയ്ത ശ്രുതി. താളം തെറ്റിയ പാട്ട്, തനിക്കു താളം തെറ്റി. ആദിതാളം തെറ്റിയ പാട്ട്. അതാണ് നീ ഈ വാക്യം കവിയുടെ സ്വഭാവ സവിശേഷതകളിലേക്കുള്ള സൂചനകളാവുന്നതെങ്ങിനെ ?

22. പാമരനായ മനുഷ്യൻ ! ശൂന്യാകാശ വിദൂരതകൾ കാണാൻ അവൻ കണ്ണാടിയുണ്ടാക്കും. പക്ഷേ സ്വന്തം ഉള്ളു കാണാൻ അവൻ നോട്ടപ്പാടു പോലും കണ്ണയയ്ക്കില്ല—സന്ദർഭം, ആശയം വ്യക്തമാക്കുക.

23. മകനെത്തേടി കക്കയം പോലീസ് ക്യാമ്പിലെത്തിയ ഈച്ചരവാര്യർക്കുണ്ടായ അനുഭവങ്ങൾ വിവരിക്കുക.

(5 × 6 = 30 marks)

## Section C

*Answer any* **two** *questions.*
*Each question carries 10 marks.*

24. തിരക്കഥാസാഹിത്യം എന്നാലെന്ത് ? തിരക്കഥാരചനയുടെ തത്വങ്ങൾ വിശദീകരിക്കുക.

25. അച്ഛന് മകനോടു തോന്നുന്ന തൊഴിൽ മത്സരത്തിലുപരി ഹൃദ്യമായ ഒരു സൗഹൃദത്തിന്റെ തലം കൂടി 'പെരുന്തച്ചൻ' തിരക്കഥയെ വേറിട്ടതാക്കുന്നു—സമർത്ഥിക്കുക.

26. ഓരോ മനുഷ്യനിലും ഓരോ നടനുണ്ട് എന്ന ആശയത്തിന്റെ രംഗഭാഷയാണ് ഭരതവാക്യം എന്ന നാടകം —വിലയിരുത്തുക.

27. കാഴ്ചകളുടെയും അനുഭവങ്ങളുടെയും സമഗ്രവും സത്യസന്ധവുമായ അവതരണമാണ് മറ്റു സഞ്ചാര സാഹിത്യ രചനകളിൽ നിന്നും 'ഹിമവാന്റെ മുകൾത്തട്ടിൽ' എന്ന രചനയെ വ്യത്യസ്തമാക്കുന്നത്. വിശദീകരിക്കുക.

(2 × 10 = 20 marks)